| | | |
|---|---|---|
| 11am to 12 noon | : | **പ്രൊഫ. കെ. എ. തുളസി**<br>മെമ്പർ, കേരളാ വനിതാ കമ്മീഷൻ |
| വിഷയം | : | **സ്ത്രീകളും സാമൂഹ്യ സുരക്ഷയും** |
| 12 noon to 1 pm | : | **ശ്രീ. പി. പ്രേംനാഥ്**<br>അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ, ചിറ്റൂർ<br>സെക്രട്ടറി, വിശ്വാസ്<br>**സ്ത്രീകളും കുട്ടികൾക്കും എതിരായ അതിക്രമങ്ങളും നിയമങ്ങളും** |
| 1 pm to 2 pm | : | ഉച്ചഭക്ഷണം |
| 2 pm to 3 pm | : | **ശ്രീമതി. ബീനാ ഗോവിന്ദ്**<br>മാതൃഭൂമി, പാലക്കാട് |
| വിഷയം | : | **കുട്ടി കുടുംബം സമൂഹം** |
| 3 pm to 4 pm | : | **ശ്രീ. എസ്. ശ്രീജിത്ത് IPS**<br>DIG & ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ<br>സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ |
| വിഷയം | | **സ്ത്രീകളോടുള്ള സമീപനവും മാറ്റത്തിന്റെ ആവശ്യകതയും** |
| നന്ദി | : | **ശ്രീ. വി. പി. കുര്യാക്കോസ്**<br>വൈസ് പ്രസിഡന്റ്, വിശ്വാസ് |

VISWAS
VICTIMS INFORMATION, SENSITISATION, WELFARE & ASSISTANCE SOCIETY

**ജനമൈത്രി പോലീസ് പാലക്കാട്, വിശ്വാസ്,**
**ഹ്യൂമൻ റൈറ്റ്സ് മിഷൻ എന്നിവയുടെ**
**സംയുക്താഭിമുഖ്യത്തിൽ**

**സാമൂഹ്യ നീതിവകുപ്പിന്റെയും**
**പാലക്കാട് ജില്ലാ ലീഗൽ സർവീസ്**
**അതോറിറ്റിയുടെയും സഹകരണത്തോടെ**

# 'സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളെക്കുറിച്ച്

# ഏകദിന ശില്പശാല

**2013 സെപ്റ്റംബർ 24ന്**
**ചൊവ്വാഴ്ച്ച രാവിലെ 9 മണിക്ക്**
**ടൗൺഹാൾ അനക്സ്, പാലക്കാട്**

## കാര്യപരിപാടി

# സ്ത്രീ നിയമ സഹായ ശിൽപശാല 24ന്

പാലക്കാട് ● സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങളെകുറിച്ചും നിയമ പരിരക്ഷയെ കുറിച്ചും പൊലീസിനും സാമൂഹിക പ്രവർത്തകർക്കും നിയമ ബോധവൽകരണം നൽകുന്നതിനുള്ള ശിൽപശാല 24ന് രാവിലെ ഒൻപതിന് ടൗൺഹാൾ അനക്സിൽ നടത്തും.

ജനമൈത്രി പൊലീസ്, വിശ്വാസ്, ഹ്യൂമൺ റൈറ്റ്സ് മിഷൻ എന്നിവർ സാമൂഹിക നീതി വകുപ്പ്, ജില്ലാ ലീഗൽ സർവീസ് അതോറിറ്റി എന്നിവരുടെ സഹകരണത്തോടെയാണ് ശിൽപശാല. രാവിലെ ഒൻപതിന് റജിസ്ട്രേഷൻ. 9.30ന് ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ ഉദ്ഘാടനം ചെയ്യും. ഷാഫി പറമ്പിൽ എംഎൽഎ അധ്യക്ഷനാകും.

ശിൽപശാലയിൽ 'സ്ത്രീകളും സാമൂഹിക സുരക്ഷയും' എന്ന വിഷയത്തിൽ വനിതാ കമ്മിഷൻ അംഗം പ്രഫ.കെ.എ. തുളസി ക്ലാസെടുക്കും. 'സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളും നിയമങ്ങളും' എന്ന വിഷയത്തിൽ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ പി. പ്രേംനാഥും 'കുട്ടി, കുടുംബം, സമൂഹം' എന്ന വിഷയത്തിൽ ബീനാ ഗോവിന്ദും 'സ്ത്രീകളോടുള്ള സമീപനവും മാറ്റത്തിന്റെ ആവശ്യകതയും' എന്നതിൽ മനുഷ്യാവകാശ കമ്മിഷൻ ചീഫ് ഇൻവെസ്റ്റിഗേഷൻ ഓഫിസർ എസ്. ശ്രീജിത്തും ക്ലാസെടുക്കും.

ജില്ലയിലെ 32 പൊലീസ് സ്റ്റേഷനുകളിൽ നിന്നു രണ്ടു വീതം പൊലീസുകാർ, ചൈൽഡ് ലൈൻ പ്രവർത്തകർ, കുടുംബശ്രീ, നെഹ്റു യുവ കേന്ദ്ര, സന്നദ്ധ സംഘടനകളിലെ ഭാരവാഹികൾ, വനിതാ സെൽ ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെ 500 ലധികം പേർ ശിൽപശാലയിൽ പങ്കെടുക്കുമെന്ന് എഡിഎം കെ. ഗണേഷ്, വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, ഡിവൈഎസ്പി (സിഡി) വി.എസ്. മുഹമ്മദ് കാസിം എന്നിവർ അറിയിച്ചു.

# കുട്ടികൾക്കുമെതിരായ അക്രമം: ശില്പശാല 24ന്

**പാലക്കാട്**: സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങളെയും അവർക്കുള്ള നിയമപരിരക്ഷയെയും കുറിച്ച് 24ന് ശില്പശാല നടത്തുമെന്ന് എ.ഡി.എം. കെ. ഗണേഷ്, 'വിശ്വാസ്' സെക്രട്ടറി പി. പ്രേംനാഥ്, ഡിവൈ.എസ്.പി. വി.എസ്. മുഹമ്മദ് കാസിം എന്നിവർ പത്രസമ്മേളനത്തിൽ പറഞ്ഞു.

24ന് രാവിലെ 9 മുതൽ പാലക്കാട് ടൗൺഹാൾ അനക്സിലാണ് ശില്പശാല. ജനമൈത്രി പോലീസ്, പാലക്കാട് വിക്ടിം ഇൻഫർമേഷൻ സെൻസിറ്റൈസേഷൻ, വെൽഫെയർ ആൻഡ് അസിസ്റ്റൻറ്സ് സൊസൈറ്റി (വിശ്വാസ്), ഹ്യൂമൻറൈറ്റ്സ് മിഷൻ എന്നിവ ചേർന്നാണ് ശില്പശാല. സാമൂഹ്യനീതിവകുപ്പ്, ജില്ലാ ലീഗൽ സർവീസ് അതോറിറ്റി എന്നിവയുടെ സഹകരണവുമുണ്ട്.

രാവിലെ 9.30ന് ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ ഉദ്ഘാടനം ചെയ്യും.

'സ്ത്രീകളും സാമൂഹികസുരക്ഷയും' (പ്രൊഫ. കെ.എ. തുളസി), 'സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ-നിയമങ്ങൾ' (അസി. പബ്ലിക് പ്രോസിക്യൂട്ടർ പി. പ്രേംനാഥ്), 'കുട്ടി, കുടുംബം, സമൂഹം' (ബീന ഗോവിന്ദ്), 'സ്ത്രീകളോടുള്ള സമീപനവും മാറ്റത്തിന്റെ ആവശ്യകതയും' (ഡി.ഐ.ജി. എസ്. ശ്രീജിത്ത്) എന്നീ വിഷയങ്ങളിൽ ക്ലാസുണ്ടാവും.